## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ദൈവിക കരുതലുകളുടെ മൂന്നു പ്രത്യേകതകൾ: ദൈവിക കരുതൽ വ്യക്തിപരമാണ്. അത് ക്രിയാത്മകമാണ്. അത് സമ്പൂർണ്ണമാണ്. ദൈവം സകല ആവശ്യങ്ങൾക്കും മതിയായവൻ. ദൈവം വിശ്രമവും ഉന്മേഷവും നൽകുന്നു. ദൈവം സംരക്ഷണം നൽകുന്നു, ആശ്വസിപ്പിക്കുന്നു. ദൈവം പ്രത്യാശ നൽകുന്നു. സൗഖ്യം നൽകുന്നു, സമൃദ്ധി നൽകുന്നു. നിറഞ്ഞു കവിഞ്ഞ ജീവിതസംതൃപ്തി നൽകുന്നു. ഭാവിയിൽ അനിശ്ചതത്വമില്ല. ദൈവം നൽകുന്ന സ്ഥിരമായ നന്മയും ദൈവത്തിന്റെ തീർന്നുപോകാത്ത കരുണയും അവസാനം യഹോവയുടെ ആലയത്തിൽ തന്നോടുകൂടെ കഴിയാമെന്നുള്ള ഉറപ്പും ലഭിച്ചിരിക്കുന്നു. അതെ, കാൽവറിയിൽ മരിക്കയും അടക്കപ്പെടുകയും മൂന്നാം നാൾ ജയത്തോടെ കൂടെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത യേശു നാല്പതു നാൾ വീണ്ടും ഈ ലോകത്തിൽ തന്റെ ശിഷ്യന്മാരോട് കൂടെ ആയിരുന്ന യേശു അവർ കാൺകെ സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു. അപ്രകാരം മഹത്വീകരിക്കപ്പെട്ട യേശു, സ്വർഗ്ഗത്തിൽ അവന് മുമ്പുണ്ടായിരുന്ന എല്ലാ മഹത്വങ്ങളും തിരികെ പ്രാപിച്ചു, പോകുമ്പോൾ അവൻ ശിഷ്യന്മാരെ ഓർമ്മിപ്പിച്ചു, 'നിങ്ങൾ യരുശലേമിൽ നിന്നും വാങ്ങിപോകാതെ എന്നോട് കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കേണം.' അത് കേട്ടപ്പോൾ തന്നെ അവൻ എന്തിനെപ്പററിയാകുന്നു പറയുന്നതെന്ന് അവർക്ക് മനസ്സിലായികാണും.

സ്വർഗ്ഗത്തിലേക്ക് പോയി കഴിഞ്ഞാൽ, പിതാവിനോട് ചോദിച്ച് മറെറാരു കാര്യസ്ഥനെ അയക്കാമെന്ന അവന്റെ വാക്കുകൾ അവരുടെ മനസ്സിൽ ഓടിയെത്തിക്കാണും. തൻ നിമിത്തം യേശു സ്വർഗ്ഗത്തിലേക്ക് പോയിക്കഴിഞ്ഞ് അല്പസമയം പോലും പാഴാക്കി കളയാതെ അവർ യരുശലേമിലെ മാളിക മുറിയിലേക്കു പോയി. പിതാവിന്റെ സന്നിധിയിലെത്തിയ യേശു, താൻ സ്വശിഷ്യന്മാരോട് ചെയ്ത വാഗ്ദത്തം മറന്നുപോകുന്നില്ല. അവൻ പിതാവിനോട് ചോദിച്ചു. പിതാവ് പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ അയക്കുവാൻ തയ്യാറായി. ഇങ്ങനെ ഭൂമിയിൽ ശിഷ്യന്മാർ പരിശുദ്ധാത്മാവിനെ പ്രാപിപ്പാൻ ഒരുങ്ങികൊണ്ടിരിക്കുമ്പോൾ, അങ്ങ് സ്വർഗ്ഗത്തിൽ ആ പരിശുദ്ധാത്മാവിനെ അയക്കുവാൻ ദൈവം ഒരുങ്ങുകയായിരുന്നു. സ്വീകരിക്കുവാൻ ഭൂമി ഒരുങ്ങുമ്പോൾ, അയക്കുവാൻ സ്വർഗ്ഗം തയ്യാറാകും എന്നത് എത്രയോ ശ്രേഷ്ഠമായ വസ്തുതയാണ്. സ്നേഹിതാ, ദൈവികാനുഗ്രഹങ്ങളെ സ്വീകരിപ്പാൻ നാം ഒരുങ്ങുമ്പോൾ, അതിനെ അയക്കുവാൻ സ്വർഗ്ഗം ഒരുങ്ങുന്നു. നാം എന്തെങ്കിലും പ്രാപിക്കുന്നില്ലെങ്കിൽ അതിന്റെ കാരണം സ്വർഗ്ഗം തയ്യാറാകത്തതല്ല, നാം ഒരുങ്ങാത്തതാണ്. നാം ഒരുങ്ങുക. അപ്പോൾ സ്വർഗ്ഗം തയ്യാറായി കഴിഞ്ഞിരിക്കുന്നതായി നമുക്ക് മനസ്സിലാകും.

തുടരും....